പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ ആലപ്പുഴയിലും, തൃശ്ശൂരും ഓരോ എം.ആർ.എസ്സുകൾ അടുത്ത അദ്ധ്യയനവർഷം മുതൽ ആരംഭിക്കുന്നതാണ്.

(സി) ആന്റ് (ഡി) പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ ആലപ്പുഴ ജില്ലയിൽ എം.ആർ.എസ്സ്. ആരംഭിക്കുന്നതാണ്. സ്ഥലത്തിന്റെ കാര്യത്തിൽ തീരുമാനമായിട്ടില്ല.

പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഇട യ്ക്കുവെച്ചുള്ള കൊഴിഞ്ഞുപോക്ക് അവസാനിപ്പി ക്കാൻ നടപടി

12 (3411) ശ്രീ. കെ.എ. ചന്ദ്രൻ :
ശ്രീമതി രാധാ രാഘവൻ :
ശ്രീ. കെ. ബാബു :
ശ്രീ. പി.ജെ. ജോയി :
ശ്രീ. എ.കെ. മണി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക -പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അദ്ധ്യയനവർഷത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥിക ളുടെ ഇടയ്ക്കുവച്ചുള്ള കൊഴിഞ്ഞുപോക്ക് എത്ര ശതമാനം വരുമെന്ന് പറ യുമോ;

(ബി) ഒന്നാം ക്ലാസിൽ പ്രവേശനം നേടുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളിൽ എത്ര ശതമാനം പേർ പത്താം ക്ലാസിൽ എത്തുന്നുണ്ട്;

(സി) ഇത്രയധികം വിദ്യാർത്ഥികൾ കൊഴിഞ്ഞുപോകുന്നതിനുള്ള കാരണമെന്താണ്;

(ഡി) ഇതിന് എപ്രകാരം പരിഹാരം കാണാനാകുമെന്ന് പറയുമോ?

ഉത്തരം

(എ) പട്ടികജാതി വിദ്യാർത്ഥികളെ സംബന്ധിച്ച് 'കൊഴിഞ്ഞുപോക്ക് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ പട്ടികവർഗ്ഗ വിദ്യാർത്ഥികളിൽ ഒരു ശതമാനം ഓരോവർഷവും കൊഴിഞ്ഞുപോകുന്നതായി കണ്ടുവരുന്നു.

(ബി) പട്ടികവർഗ്ഗ വിഭാഗത്തിലാണ് കൊഴിഞ്ഞുപോക്ക് സാധാരണ യായി കണ്ടുവരുന്നത്. ഒന്നാം ക്ലാസിൽ പ്രവേശനം നേടുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളിൽ ശരാശരി 50% പേർ പത്താം ക്ലാസിൽ എത്തുന്നുണ്ട്.

(സി) രക്ഷകർത്താക്കളുടെ അറിവില്ലായ്മ നിരക്ഷര, ദാരിദ്ര്യം ഫലപ്ര ദമായ ബോധവത്ക്കരണത്തിന്റെ അഭാവം തുടങ്ങിയവ കൊഴിഞ്ഞു പോക്കി നുള്ള കാരണമായി കണ്ടിട്ടുണ്ട്.

(ഡി) പട്ടികവർഗ്ഗ വിഭാഗത്തിലാണ് കൊഴിഞ്ഞുപോക്ക് സാധാരണ യായി കണ്ടുവരുന്നത്. പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തട യുന്നതിനും പഠനം നിറുത്തിയവരെ വീണ്ടും സ്കൂളിൽ ചേർത്ത് പഠിപ്പിക്കു വാൻ പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടി സർക്കാർ പ്രത്യേക പദ്ധതി ആവി ഷ്ക്കരിച്ച് നടപ്പാക്കിവരുന്നു. പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(1) ബോധവത്ക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കൽ.

(2) രക്ഷകർത്താക്കൾക്കുള്ള പ്രോത്സാഹന സഹായം

LIBRARY ARCHIVES Kerala Legislative Assembly

(3) ഒരു വിദ്യാർത്ഥിയ്ക്ക് രണ്ട് ജോഡി ഡ്രസ്സ്, കുട, സ്കൂൾബാഗ്, ചെരിപ്പ് എന്നിവയ്ക്കുള്ള ധനസഹായം.

(4) ഓരോ ജില്ലയിലും ഏറ്റവും കൂടുതൽ കുട്ടികളെ ചേർക്കാൻ സഹായിക്കുന്ന ഡ്രൈവർ വോളണ്ടിയർക്ക് അവാർഡ്

(5) ഇടയ്ക്കുവച്ച് പഠനം നിറുത്തിയ വിദ്യാർത്ഥികൾ തിരികെചേർന്ന് പഠനം തുടരുന്നതിന് പ്രോത്സാഹന ധനസഹായം.

(6) 13 മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ കൂടാതെ സോഷ്യൽ ആക്ടിവിസ്റ്റുകളും ഡി.പി.ഇ.പി.യും ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്.

പൊതുമേഖലാസ്ഥാപനങ്ങളിൽ പട്ടികജാതി-പട്ടിക വർഗ്ഗ വിഭാഗത്തിന് സംവരണം

13 (3412) ശ്രീമതി രാധാ രാഘവൻ :

ഡോ. എം.എ. കുട്ടപ്പൻ :

ശ്രീ. എ.കെ. മണി :

ശ്രീ. വി.ജെ. പൗലോസ് :

ശ്രീ. അടൂർ പ്രകാശ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക -പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിലെ ഉദ്യോഗ നിയമനങ്ങളിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിന് അർഹമായ വിഹിതം ലഭിച്ചിട്ടില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം സ്ഥാപനങ്ങളിലാണ് ഈ വിഭാഗത്തിന് ഏറ്റവും കുറച്ചു പ്രാതിനിധ്യം ലഭിച്ചിട്ടുളളതെന്ന് പറായുമോ;

(സി) ഇതു സംബന്ധിച്ച് നിയമസഭാ സമിതിയുടെ ഏതെങ്കിലും റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതിൻമേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ;

(ഇ) ഈ കുറവ് പരിഹരിക്കുന്നതിന് എന്തു നടപടി കൈക്കൊള്ളാനുദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ലിസ്റ്റ് അനുബന്ധമായി [+] ചേർത്തിരിക്കുന്നു.

(സി)-(ഇ)

നിയമസഭാ സമിതി ഇക്കാര്യത്തിൽ തെളിവെടുപ്പ് നടത്തിയെങ്കിലും റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടില്ല.

[+] അനുബന്ധം IX

LIBRARY ARCHIVES Kerala Legislative Assembly